K22U 3313

Reg. No.: ...............................

Name : ...................................

**I Semester B.A./B.Sc. Degree (C.B.C.S.S. – Supplementary) Examination, November 2022**
**(2016-2018 Admissions)**
**COMMON COURSE IN MALAYALAM**
**1A07 MAL : സാഹിത്യ ഗണങ്ങൾ**

Time : 3 Hours　　　　Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) 'കേരള ചരിത്രത്തിൽ സംഭവിച്ച കാതലായ മാറ്റത്തിന്റെ അടയാളങ്ങൾ 'പണ്ടത്തെ മേശാന്തി'യിലുണ്ടോ ? പരിശോധിക്കുക.

2) കാല്പനിക കവിതയുടെ എന്തെല്ലാം സ്വഭാവങ്ങളാണ് 'കൊച്ചുസീത'യിലുള്ളത് ? വിശകലനം ചെയ്യുക.

3) 'ഇതരചരാചരങ്ങളുടെ ചരിത്ര പുസ്തകം' എന്ന കഥയ്ക്ക് ആസ്വാദനം എഴുതുക.

4) കേരളത്തിന്റെ ചരിത്രനിർമ്മിതിയിൽ ഗുരു വഹിച്ച പങ്കെന്തായിരുന്നു ? കെ. പി. അപ്പന്റെ നിഗമനങ്ങൾ ക്രോഡീകരിക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) ''അടിമത്തത്തിന്നെങ്ങുമിടിവെട്ടായെൻ, നാട്ടിൽ
തടവറ്റുണ്ടാവട്ടേ, നീയനുഗ്രഹിച്ചാലും'' വിവക്ഷിതമെന്ത് ? വ്യക്തമാക്കുക.

6) ''ഞാനൊരുങ്ങീല; മാതാമഹിക്കിതു
ദൗനതയേറ്റി രണ്ടാം ജരപോലെ'' – ആരുടെ വാക്കുകൾ ? വിശദമാക്കുക.

7) 'നമ്മുടെ സാഹിത്യത്തിനുമുണ്ട് ആ പ്രദേശങ്ങളുമായൊരു ബന്ധം' മുണ്ടശ്ശേരി സൂചിപ്പിക്കുന്നതെന്ത് ?

8) 'പൊതിച്ചോറ് ' എന്ന കഥയിലെ പ്രധമാദ്ധ്യാപകൻ ചെയ്ത തെറ്റെന്തായിരുന്നു ? അതിനദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ത് ?

P.T.O.



9) 'പ്രക്ഷുബ്ധമായ ചരിത്രത്തിൽ സ്വച്ഛതയായി കടന്നുചെന്ന സംഗീതമായിരുന്നു അത്. കെ. പി. അപ്പൻ നിരീക്ഷിക്കുന്നതെന്ത് ? വിശദമാക്കുക.

10) ഹാസ്യത്തിന്റെ ഉല്പത്തി എപ്രകാരമാണ് ? എം. പി. പോൾ പറയുന്നതെന്തെല്ലാം ? **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) 'അയാളുടെ മുമ്പേ, അയാൾക്ക് വഴികാണിച്ചുകൊണ്ട് കത്തുന്ന ഒരു ചക്രം പതുക്കെ നീങ്ങുന്നുണ്ടായിരുന്നു'. എപ്പോൾ ? സൂചിതം എന്ത് ? വിവരിക്കുക.

12) ''പണ്ടത്തെ മേശാന്തി നിന്നുതിരിയുന്നു
ചണ്ടിത്തമേറുമീ ഫക്ടറിക്കുള്ളിൽ ഞാൻ'' – സാരസ്യം വ്യക്തമാക്കുക.

13) ''മെലിഞ്ഞ് വെളുത്ത് അവിടെയിവിടെയായി ചില ഒടിവുകൾ പറ്റിയതെന്നു തോന്നിക്കുന്ന ഒരു ശരീരമായിരുന്നു അവളുടേത് ''. ആരെക്കുറിച്ചാണ് പരാമർശം ? കാരണമെന്ത് ?

14) ''അറിയുന്നു ഞാ,നെന്നിൽ നിറയുന്നു നീ,യെന്റെ
അമൃതമീ നിൻ സ്മൃതികൾ മാത്രം!'' – കവി എന്തൊക്കെയാണ് തിരിച്ചറിയുന്നത് ?

15) ''പാപദാരിദ്ര്യരോഗകൂപങ്ങളി –
ലാതപിച്ചടിഞ്ഞല്ലോ കിടക്കുന്നു!'' ആര് ? അതിന് കാരണമാകുന്നതെന്ത് ?

16) 'ഇരുപക്ഷംപെടും ഇന്ദുവല്ല ഞാൻ' എന്ന കവിതയുടെ ആശയം ചുരുക്കി എഴുതുക. **(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

17) 'ആളില്ലാക്കസേരകൾ' ആരുടെ കവിതയാണ് ?

18) 'തിരസ്കാരം' എന്ന കൃതി എഴുതിയതാര് ?

19) 'ജന്മമുണ്ടിനി മേലിലുമെങ്കിൽ ഞാൻ
നിന്മടിയിതിൽത്തന്നേ പിറക്കാവൂ'. ആരുടെ അഭിലാഷമാണിത് ?

20) 'പാഠപുസ്തകങ്ങൾക്കു മുമ്പിൽ ഇരുന്ന കുട്ടികൾ അതുകേട്ടു നടുങ്ങി'. കുട്ടികൾ കേട്ടതെന്ത് ?

21) 'മരപ്പാവകൾ' എന്ന പ്രസിദ്ധ കഥയെഴുതിയതാര് ?

22) 'ഇടിഞ്ഞുപൊളിഞ്ഞ ലോകം' ആരുടെ കൃതിയാണ് ?

23) മുണ്ടശ്ശേരിയുടെ ആത്മകഥയുടെ പേരെന്ത് ?

24) 'ഉജ്ജയിനി' എന്ന കാവ്യം എഴുതിയതാര് ? **(6×1=6)**